പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :3957 21. 06. 2019 ൽ മറുപടിക്ക്

## ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വിലയിരുത്തി സ്ഥാനക്കയറ്റം

ചോദ്യം

ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്
" കെ.എൻ.എ.ഖാദർ

ഉത്തരം

ശ്രീ.എം.എം.മണി
(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) വൈദ്യുതി ബോർഡിൽ ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വിലയിരുത്തി സ്ഥാനക്കയറ്റം നൽകുന്ന രീതി നടപ്പിലായിട്ടുണ്ടോ;വിശദമാക്കുമോ;<br><br>(ബി) ഈ രീതിയുടെ പ്രവർത്തനം വിശദമാക്കുമോ; എതൊക്കെ തസ്തികകളിലുള്ള ഉദ്യോഗസ്ഥർക്കാണ് ഈ രീതി ബാധകമാക്കിയിട്ടുള്ളത്;വ്യക്തമാക്കുമോ; | **(എ) & (ബി)** വൈദ്യുതി ബോർഡിൽ ജീവനക്കാരുടെ കാര്യക്ഷമത വിലയിരുത്തി സ്ഥാനക്കയറ്റം നൽകുന്ന രീതി നടപ്പിലാക്കിയിട്ടുണ്ട്.<br>18.02.2012-ലെ ബോർഡ് ഉത്തരവ് പ്രകാരം 01.04.2012-നു ശേഷമുള്ള മിനിസ്റ്റീരിയൽ/സിവിൽ/ഇലക്ട്രിക്കൽ വിഭാഗങ്ങളിലെ ഓഫീസർ തസ്തികകളിലേക്കുള്ള സ്ഥാനകയറ്റത്തിനു DPC (Lower)/DPC (Higher) നിർബന്ധമാക്കിയിട്ടുണ്ട്. സീനിയർ സൂപ്രണ്ട്/ഡിവിഷണൽ അക്കൗണ്ടന്റ്, അസിസ്റ്റന്റ് അക്കൗണ്ട്സ് ഓഫീസർ/അസിസ്റ്റന്റ് ഫിനാൻസ് ഓഫീസർ, അസിസ്റ്റന്റ് എഞ്ചിനീയർ/അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നീ തസ്തികകളിലേക്ക് DPC (Lower) അംഗീകരിച്ച സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ടവരെയും അക്കൗണ്ട്സ് ഓഫീസർ/ ഫിനാൻസ് ഓഫീസർ, സീനിയർ അക്കൗണ്ട്സ് ഓഫീസർ/ സീനിയർ ഫിനാൻസ് ഓഫീസർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ/ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ/ചീഫ് എഞ്ചിനീയർ എന്നീ തസ്തികകളിലേക്ക് DPC (Higher) അംഗീകരിച്ച സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് മാത്രമേ സ്ഥാനകയറ്റം നൽകുകയുള്ളൂ. |
| (സി) വൈദ്യുതി ബോർഡിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ ഈ നടപടികൾ കൊണ്ടുമാത്രം സാധിക്കുമോ; വ്യക്തമാക്കുമോ; കാര്യക്ഷമത വർദ്ധിപ്പിക്കാൻ മറ്റു നടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ? | (സി) സാധിക്കുകയില്ല. 18.02.2012-ലെ ഉത്തരവിനു പുറമേ ഓഫീസർമാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിലേക്കായി ടി വിഭാഗത്തിലെ അസിസ്റ്റന്റ് അക്കൗണ്ട്സ് ഓഫീസർ/അസിസ്റ്റന്റ് ഫിനാൻസ് ഓഫീസർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മുതൽക്കുള്ള തസ്തികകളിലെ ഓഫീസർമാർ Annual Performance Appraisal Report അവരുടെ Reviewing/Accepting Officer മുഖേന സമർപ്പിക്കണമെന്നും കെ.എസ്.ഇ.ബി.ലിമിറ്റഡ് 13.08.2014-ൽ പരിപത്രം ഇറക്കി ഉത്തരവായിട്ടുണ്ട്. 31.10.2018-ലെ ഉത്തരവ് പ്രകാരം അസിസ്റ്റന്റ് അക്കൗണ്ട്സ് ഓഫീസർ/അസിസ്റ്റന്റ് ഫിനാൻസ് ഓഫീസർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികകളിൽ നിന്നുള്ള പ്രമോഷനുകൾക്ക് Bench Mark Grading System-വും നടപ്പിലാക്കി ഉത്തരവായിട്ടുണ്ട്. |

പ്രസ്തുത നടപടികൾക്കു പുറമേ കാര്യക്ഷമത വർദ്ധിപ്പിക്കാൻ മറ്റു നടപടികളും കൈകൊണ്ടിട്ടുണ്ട്. ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുവാൻ ഐ.ഐ.എം.കെ-യുടെ സഹായത്തോടെ ഒരു പഠനം നടത്തുകയുണ്ടായി.

1. ഐ.ഐ.എം കോഴിക്കോട് സമർപ്പിച്ച റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ പഠിച്ച്, വേണ്ട ചർച്ചകൾ നടത്തി നടപ്പിലാക്കേണ്ടതിലേയ്ക്കാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനായി ഡയറക്ടർ (ഫിനാൻസ്) ആദ്ധ്യക്ഷനും ചീഫ് എഞ്ചിനീയർ (എച്ച്.ആർ.എം) കൺവീനറായും ഫുൾടൈം ഡയറക്ടേഴ്സ് അംഗങ്ങളുമായിട്ടുള്ള ഒരു ഉന്നത അധികാരസമിതിയെ കെ.എസ്.ഇ.ബി.എൽ ചുമതലപ്പെടുത്തി. പ്രസ്തുത കമ്മിറ്റി ഇതു സംബന്ധിച്ച് ചർച്ചകൾ നടത്തുകയും കമ്മിറ്റിയുടെ ശുപാർശകൾ ഫുൾടൈം ഡയറക്ടേഴ്സിന് മുമ്പാകെ സമർപ്പിക്കുകയും ചെയ്തു. ടി കമ്മിറ്റിയെ സഹായിക്കുന്നതിലേയ്ക്കായി രണ്ട് ഉപസമിതികളേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി സമിതികളുടെ പ്രവർത്തനം പുരോഗമിച്ചുവരുന്നു.

2. വൈദ്യുതി ബോർഡിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന തലത്തിൽ കെ.എസ്.ഇ.ബി.എൽ-ന്റെ 6 ട്രെയിനിംഗ് സെന്ററുകൾ നിലവിൽ ജീവനക്കാർക്ക് വ്യത്യസ്ഥരീതിയിലുള്ള ട്രെയിനിംഗുകൾ നൽകിവരുന്നു.

3. വൈദ്യുതി ബോർഡിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി വിവിധ കമ്പ്യൂട്ടർ അധിഷ്ഠിത സംവിധാനങ്ങൾ ഏർപ്പെടുത്തിവരുന്നു.

സെക്ഷൻ ഓഫീസർ